بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**21-08-2026**

# നന്ദിപ്രകടനം: വാഗ്ദത്ത മസീഹി(അ)ന്റെ മാതൃക

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയ ശേഷം ഹസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി:

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സ്വഹാബാക്കളെ ദൈവികാനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നതിലേക്ക് വളരെ ആഴത്തിൽ ശ്രദ്ധ ക്ഷണിക്കുമായിരുന്നു. ഹദ്റത്ത് പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി (റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തോട് മിയാൻ ബഖ്ശ് സൗദായിയുമായിട്ടുണ്ടായ തർക്കത്തെക്കുറിച്ച്ചോദിച്ചറിഞ്ഞു. അവിടുന്ന് ഇപ്രകാരം ഉപദേശിച്ചു: മനോനില തെറ്റിയ വ്യക്തി ശക്ഷാർഹനല്ല. അതിനാൽ അത്തരം വ്യക്തികളോട് തർക്കക്കാനും സംസാരിക്കാനും പോകുന്നതിന് പകരം അവരോട് നല്ലനിലയിൽ വർത്തിക്കുകയാണ് വേണ്ടത്. ലോകം അത്തരംവ്യക്തികളെ ദൈവത്തിൽ വിലയം പ്രാപിച്ചവർ,*വലിയുല്ലാഹ്, ഖുതുബ്* എന്നൊക്കെ വിളിക്കാറുണ്ട്-അത് തെറ്റാണ്. യഥാർത്ഥത്തിൽ നിരവധി അനുഗ്രഹങ്ങൾ ലഭിക്കാത്തവരാണ് ഇവർ ബുദ്ധി, മനസ്സ്, വസ്ത്രം, ഭക്ഷണ പാനീയങ്ങളുടെ ആസ്വാദനം, ഭാര്യയെയുംമക്കളെയും പരിപാലിക്കുന്നതിലെ അനുഗ്രഹങ്ങൾ,അല്ലാഹുവിനെതിരിച്ചറിയുകയും അവന്റെ സത്തയുംഗുണങ്ങളും മനസ്സിലാക്കുകയും ചെയ്യുക, റസൂലിന്റെയും നബിയുടെയും മഹത്ത്വം മനസ്സിലാക്കി അങ്ങയെ പിന്തുടരുക, വിശുദ്ധ ഖുർആൻ പാരായണം, അതിന്റെ അർഥലങ്ങളും അതിലടങ്ങിയിരിക്കുന്ന ആധ്യാത്മിക രഹസ്യങ്ങളും, ശരീഅത്തിന്റെ മാർഗങ്ങൾ, നമസ്കാരം, നോമ്പ്, ഹജ്ജ്, സകാത്ത് എന്നിവ മുഖേന പുണ്യപദവികൾ കരസ്ഥമാക്കുക -ഇത്യാദി കാര്യങ്ങൾ അവർക്ക് ലഭിക്കാതെ പോകുന്നു.

അത്തരം ആളുകളെ കാണുമ്പോൾ തർക്കിക്കുന്നതിനു പകരം അല്ലാഹുവിന് നന്ദി പറയുകയാണ് വേണ്ടത് എന്നാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിയത്. കാരണം അവൻ നമ്മെ ഈ അനുഗ്രഹങ്ങളിൽ നിന്നൊന്നും ഒഴിവാക്കിയില്ല! അവൻ നമുക്ക് ബുദ്ധിയും ബോധവും തന്നു; വിശുദ്ധ ഖുർആൻ പാരായണം ചെയ്യാനും അതിൽ നിഹിതമായിരിക്കുന്ന ജ്ഞാനങ്ങളും അധ്യാത്മരഹസ്യങ്ങളും ഗ്രഹിക്കാനും സൗഭാഗ്യമേകി; ഹലാലും ഹറാമും തിരിച്ചറിയാനുള്ള വിവേകം തന്നു; പ്രവാചകന്മാരെ തിരിച്ചറിയാനുള്ള തൗഫീഖും സ്വന്തം സത്തയെയും ഗുണങ്ങളെയും കുറിച്ചുള്ള അറിവും നൽകി. അതിനാൽ ഓരോ അഹ്മദിയും താൻ എത്രമാത്രം അല്ലാഹു വിനോട് നന്ദി പ്രകടിപ്പിക്കുന്നുണ്ടെന്ന് ആത്മപരിശോധന നടത്തേണ്ടതുണ്ട്.

ഈ നന്ദിപ്രകടനത്തിന്റെ ഹൃദ്യമായ ഒരു സംഭവം ഹദ്റത്ത് മലിക് മുഹമ്മദ് ഹസൻ മുഹമ്മദ് സാഹിബ് വിവരിക്കുന്നു:

ഹദ്റത്ത് മസീഹ് മൗഊദ് (അ) സുബഹിനമസ്കാരത്തിനായി വന്നപ്പോൾ, നമസ്കാരശേഷം അവിടെയുണ്ടായിരുന്ന ഖുദ്ദാമിനോട് അന്വേഷിച്ചു: 'രാത്രി സാരംഗിയും തമ്പൂരുമൊക്കെ എവിടെയാണ് കൊട്ടിപ്പാടിക്കൊണ്ടിരുന്നത്?' മിർസാ നിസാമുദ്ദീൻ സാഹിബ് ഒരു നർത്തകിയെ ക്ഷണിച്ചുവരുത്തിയിരുന്നതാണെന്നും, രാത്രിക്ക് 20 രൂപ വേതനം വാഗ്ദാനം ചെയ്തിരുന്നതിനാൽ അവൾ രാത്രി മുഴുവൻ നൃത്തം

ചെയ്യുകയും പാടുകയും ചെയ്യുകയായിരുന്നുവെന്നും അങ്ങയെ ധരിപ്പിച്ചു. ഇതുകേട്ട് അവിടുന്ന് ഒരു നെടുവീർപ്പോടെ അരുളി:അല്ലാഹുവേ, സ്വന്തം ഉപജീവനത്തോട് അവൾക്ക് എന്തൊരു ആത്മാർഥതയാണ്! അതായത് വെറും 20 രൂപയ്ക്ക് വേണ്ടി ആ സ്ത്രീ രാത്രി മുഴുവൻ ഉറക്കമൊഴിച്ചിരുന്നു; എന്നാൽ നമുക്ക് അപാരമായ അനുഗ്രഹങ്ങൾ നൽകി അനുഗ്രഹിച്ച നമ്മുടെ യഥാർത്ഥ സൃഷ്ടാവിനു വേണ്ടി ഒന്നോ രണ്ടോ മണിക്കൂർ എഴുന്നേറ്റിരിക്കാൻ നമുക്ക് സാധിക്കുന്നില്ലല്ലോ!

അവിടുന്ന് ഈ കാര്യം പലതവണ ആവർത്തിക്കുകയും ഇപ്രകാരം അരുളുകയും ചെയ്തു: നാം അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നില്ല! നവാഫിലുകളിലേക്കും നമസ്കാരങ്ങളിലേക്കും ശ്രദ്ധ പതിപ്പിക്കുന്നില്ല; ഫജ്ർ നമസ്കാരത്തിനായി എഴുന്നേൽക്കുക എന്നത് പോലും നമുക്ക് പ്രയാസകരമായി മാറുന്നു!

ഹസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളുന്നു: അതിനാൽ, അല്ലാഹുവിനോട് നന്ദി കാണിക്കേണ്ട കടമ നാം എത്രമാത്രം നിറവേറ്റുന്നുണ്ടെന്ന്ഈ വിഷയത്തിൽ ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്.

ഹദ്റത്ത് ശൈഖ് മുഹമ്മദ് ഇസ്മാഈൽ സാഹിബ് സർദാവി (റ) വിവരിക്കുന്നു: ഹദ്റത്ത്മസീഹ്മൗഊദ്(അ)ഭക്ഷണംകഴിക്കുമ്പോൾ അവിടുന്ന് *സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്* എന്ന് ഉരുവിടുന്നത് പതിവായിരുന്നു. എന്തോ തിരയുന്നതുപോലെയായിരുന്നു അവിടുന്ന് ഭക്ഷണം കഴിച്ചിരുന്നത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ചെറിയ അപ്പക്ഷണം വായിലിട്ട് നന്നായി ചവച്ചരച്ചുകൊണ്ടിരിക്കും; വലിയ കഷ്ണം എടുക്കുമായിരുന്നില്ല. ഒപ്പം *സുബ്ഹാനല്ലാഹ്, സുബ്ഹാനല്ലാഹ്* എന്ന് പറഞ്ഞുകൊണ്ടുമിരിക്കും. പിന്നീട് കുറച്ചുസമയം കഴിഞ്ഞ് അതിൽ നിന്നൊരു ചെറിയ കഷണം കറി തൊട്ട് കഴിക്കും. ഇങ്ങനെ, ഭക്ഷണം കഴിക്കുക എന്ന തികച്ചും സാധാരണമായി തോന്നുന്ന ഒരു അനുഗ്രഹത്തിൽ പോലും അല്ലാഹുവിനോടുള്ള നന്ദിപ്രകാശനം പ്രകടമായിരുന്നു!

ഹദ്റത്ത് സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് വിവരിക്കുന്നു: നാട്ടിൻപുറത്തോ നഗരത്തിലോ പ്ലേഗ് രോഗം പടർന്നുപിടിക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) തങ്ങളുടെ വീടും ബോർഡിംഗ് ഹൗസും എല്ലാവരുടെയുംവീടുകളുംശുചീകരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമായിരുന്നു. ഗന്ധകം, തീ, ഫിനൈൽ, തുടങ്ങിയവ ഉപയോഗിച്ച് രോഗാണുക്കളെ നശിപ്പിക്കാൻ അവിടുന്ന് കൽപ്പിച്ചിരുന്നു. അവിടുന്ന് അരുളാറുണ്ടായിരുന്നു: ഭൗതിക മാർഗോപാധികൾ ഉപയോഗപ്പെടുത്തുക എന്നതും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കലാണ്! രോഗങ്ങളുടെയും മഹാമാരികളുടെയും പ്രത്യാഘാതങ്ങൾ ഇല്ലായ്മ ചെയ്യാനുള്ള മാധ്യമങ്ങളായി അല്ലാഹു ചില വസ്തുക്കളെ സൃഷ്ടിച്ചിട്ടുണ്ട്. അതിനാൽ ഈ മാർഗ്ഗങ്ങളെ ഉപേക്ഷിക്കുക എന്നത് അല്ലാഹുവിന്റെ ശരീഅത്തിന് വിരുദ്ധമാണ്! തവക്കുലിന്റെ സ്ഥാനം ഇതിനുശേഷമാണ് വരുന്നത്; അതായത് ഭൗതിക മാർഗ്ഗങ്ങൾ അവലംബിച്ച് അവയിൽ മാത്രം വിശ്വാസം അർപ്പിക്കാതെ, ആ മാർഗ്ഗങ്ങൾക്ക് പിന്നിലുള്ള ദൈവിക കരങ്ങളെ ദർശിക്കുകയാണ് വേണ്ടത്.

ഹദ്റത്ത് മുഹമ്മദ് ഇബ്രാഹീം സാഹിബ് ഒരു സംഭവം വിവരിക്കുന്നു: 1904-ൽ ഗുർദാസ്പൂരിൽ കരം ദീൻ കേസിന്റെ ആവശ്യത്തിനായി താമസിക്കുന്നതിനിടെ ഒരു സുഹൃത്ത് നല്ല പഴുത്ത ഈന്തപ്പഴം കൊണ്ടുവന്നു. അത് കഴിക്കുന്നത് ശരീരത്തിന് ചൂടാണ് എന്ന് ആരോ പറഞ്ഞപ്പോൾ, ഉള്ളി കഴിക്കുന്നതോടെ അത് മാറിക്കിട്ടും എന്ന് പറഞ്ഞു. ഇതുകേട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളി:

എത്ര മനോഹരമായ സംവിധാനമാണ് അല്ലാഹു ഒരുക്കിയിരിക്കുന്നത്! ഓരോ വസ്തുവിനും അതിന്റെ ദോഷഫലങ്ങളെ ശമിപ്പിക്കുന്ന കാര്യങ്ങളും അവൻ ഒരുക്കി വെച്ചിരിക്കുന്നു.

മാങ്ങ, ഞാവൽപഴം, വാഴപ്പഴം പച്ചരി എന്നിവ ഉദാഹരങ്ങളായി എടുത്തു പറഞ്ഞശേഷം മനുഷ്യനുവേണ്ടി അല്ലാഹു ഒരുക്കിയിട്ടുള്ള ആത്മീയവും ഭൗതികവുമായ ഉന്നത സംവിധാനങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് അവിടുന്ന് അരുളി: മനുഷ്യന് ഇവയ്ക്കൊന്നും അർഹമായ നിലയിൽ നന്ദി പ്രകടിപ്പിക്കാൻ സാധിക്കുകയില്ല! രോഗം ഭേദമായപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിന് നന്ദി പറയുകയുണ്ടായി. *തദ്കിറത്തുശ്ശഹാദതൈൻ* എന്ന ഗ്രന്ഥം എഴുതുന്ന വേളയിൽ അങ്ങേയ്ക്ക് വൃക്കവേദന കലശലായി അനുഭവപ്പെട്ടു. ഈ രചന

പൂർത്തിയാക്കാൻ കഴിഞ്ഞേക്കില്ല എന്ന് പോലും അവിടുന്ന് കരുതി. രാത്രിയിൽ അവിടുന്ന് വീട്ടുകാരെഒരുമിച്ചുകൂട്ടിപ്രാർത്ഥിക്കുകയും,സാഹിബ് സാദ മൗലവി അബ്ദുല്ലത്തീഫ് സാഹിബിനെ മനസ്സിൽ കണ്ട ഈ പുസ്തകം പൂർത്തിയാക്കാനുള്ള തൗഫീഖിനായി അല്ലാഹുവിനോട് അർഥിക്കുകയും ചെയ്തു. പ്രാർത്ഥനയ്ക്ക് ശേഷം അങ്ങേയ്ക്ക് ദിവ്യാനുഭവം ഉണ്ടാവുകയും ഇപ്രകാരം ഇൽഹാം ലഭിക്കുകയും ചെയ്തു:

سلام قولا من رب الرحيم

(കരുണാനിധിയായ രക്ഷിതാവിൽ നിന്നുള്ള ശാന്തി).

രാവിലെ 6 മണിക്ക് മുൻപായി അവിടുന്ന് പൂർണ്ണ ആരോഗ്യം വീണ്ടെടുക്കുകയും അന്നുതന്നെ പുസ്തകത്തിന്റെ പകുതിയോളം എഴുതിത്തീർക്കുകയും ചെയ്തു! അവസാനം അവിടുന്ന് അരുളി: *ഫൽഹംദുലില്ലാഹി അലാ ദാലിക്* (അതിനാൽ സകല സ്തുതികളും അല്ലാഹുവിനാകുന്നു).

ഹദ്റത്ത് മസീഹ് മൗഊദ് (അ) ബറാഹീനെ അഹ്മദിയ്യാ എന്ന തന്റെ ഗ്രന്ഥത്തിന്റെ രചനയിലുംപ്രസിദ്ധീകരണത്തിലും സാമ്പത്തികമായി സഹായിച്ചവരുടെ പേരുകൾ രേഖപ്പെടുത്തുകയും അവർക്കായി പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുകയുണ്ടായി. സഹായിച്ചവരുടെ കൂട്ടത്തിൽ അഞ്ച് രൂപ, രണ്ട് രൂപ, എന്തിന് വെറും രണ്ട് അണ നൽകിയവർ പോലുമുണ്ടായിരുന്നു! സഹായികളോടെല്ലാം നന്ദി പറഞ്ഞുകൊണ്ട് അവിടുന്ന് അരുളി:

'ഇവരുടെ ഉദാരമനസ്കത കാരണം ദീനീ ലക്ഷ്യങ്ങൾ പാഴാതെ സംരക്ഷിക്കപ്പെടുകയും ഉദ്യമങ്ങൾ നശിച്ചു പോകാതെ കാത്തുരക്ഷിക്കപ്പെടുകയും ചെയ്തു.'

ഈ ഗ്രന്ഥം പ്രയോജനപ്പെടുത്തുന്നവർ അങ്ങേയ്ക്കും ഈ സഹായികൾക്കും വേണ്ടി പ്രാർഥിക്കണമെന്ന ഉദ്ദേശ്യത്തോകൂടിയാണ് അവിടുന്ന് അവരുടെ പേരുകൾ രേഖപ്പെടുത്തിയത്. ഹദ്റത്ത് മിയാൻ മൻസൂർ മുഹമ്മദ് സാഹിബിനെ എടുത്തു പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തിന്റെ പകർപ്പെഴുത്ത് സേവനത്തിനും ആത്മാർഥതയ്ക്കും നന്ദി പറഞ്ഞു- അവിടുന്ന് പ്രസ്താവിച്ചു:

അദ്ദേഹം ഭൗതിക നേട്ടങ്ങൾക്കായല്ല, മറിച്ച് തികച്ചും ദീനിനോടുള്ള സ്നേഹം കൊണ്ടു മാത്രമാണ് ജോലി ചെയ്യുന്നത്; വളരെ ആത്മാർഥമായാണ് ഈ സേവനം നിർവ്വഹിക്കുന്നത്. ഇത്തരം നിഷ്കളങ്കരായ സഹായികളെ അല്ലാഹുവിന്റെ മഹത്തായ കാരുണ്യമായിട്ടാണ് അവിടുന്ന് വിശേഷിപ്പിച്ചത്; ഒപ്പം തന്റെ ആത്മീയ ദൗത്യങ്ങൾ പൂർത്തീകരിക്കുന്നതിൽ ഇവരുടെ സേവനങ്ങൾ സഹായ ഘടകങ്ങളാണെന്നും അവിടുന്ന് ചൂണ്ടിക്കാണിച്ചു.

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) വിവരിക്കുന്നു: ഹദ്റത്ത്മസീഹ് മൗഊദ്(അ) സേവകരുടെ വളരെ ചെറിയ കാര്യങ്ങളെപ്പോലും ആദരിക്കുകയും അവരെ സന്തോഷിപ്പിക്കുകയും ചെയ്യുമായിരുന്നു. ഏതെങ്കിലും പുസ്തകമോ ലഘുലേഖയോ തിടുക്കത്തിൽ പ്രസിദ്ധീകരിക്കേണ്ടി വരികയും രാത്രികളിൽ ജോലി നടക്കുകയും ചെയ്യുമ്പോൾ,പ്രസ്സിലെ ജീവനക്കാർക്കായി പാലും മറ്റ് ഭക്ഷണസാധനങ്ങളും പ്രത്യേകം നല്കുമായിരുന്നു; പതിവിൽ കൂടുതലായി വേതനം നൽകുകയും അവരുടെ സേവനത്തിൽ സന്തോഷവും കൃതജ്ഞതയും പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത് മുസ്‌ലി മൗഊദ്(റ) പ്രസ്താവിക്കുന്നു: അങ്ങേയറ്റം നന്ദി പ്രകടിപ്പിക്കുന്ന ഹൃദയമാണ് പ്രവാചകന്മാരുടേത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങൾ രാപ്പകലില്ലാതെ അച്ചടിക്കപ്പെട്ടിരുന്ന കാലത്ത് അവിടുന്ന് പല രാത്രികളിലും ഉറങ്ങാറുണ്ടായിരുന്നില്ല. എന്നിരുന്നാലും, രാത്രിയിൽ ആരെങ്കിലും പ്രൂഫ് നോക്കാനായി പകർപ്പ് കൊണ്ടു വന്നാൽ, അവിടുന്ന് അല്പ ശബ്ദം കേൾക്കുമ്പോഴേക്കും സ്വയം എഴുന്നേറ്റ് പ്രൂഫ് വാങ്ങുകയും *ജസാക്കുമുല്ലാഹ് അഹ്സനുൽ ജസാഅ്* എന്ന് അരുളുകയും ചെയ്യുമായിരുന്നു. അവിടുന്ന് ആ വ്യക്തിക്ക് ഉണ്ടായ പ്രയാസം മനസ്സിലാക്കി അല്ലാഹു അയാൾക്ക് നല്ല പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. മറ്റുള്ളവരുടെ ഉദാരമനസ്കതയ്ക്കും അവരുടെ പ്രയാസങ്ങൾക്കും പ്രവാചകമനസ്സുകളിൽ എത്രത്തോളം കരുതൽ ഉണ്ടാകുമെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

ഹാഫിസ് നബി ബഖ്ശ്സാഹിബ് വിവരിക്കുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തോട്ടത്തിൽ ഉലാത്തുകയായിരുന്നു. അവിടുത്തെ കൈയിൽ വീപ്പിങ്ങ് വില്ലോ മരം കൊണ്ട് ഉണ്ടാക്കിയ ഒരു വടിയുണ്ടായിരുന്നു. അത് ഒരു മരത്തിൽ കുടുങ്ങിപ്പോയി. പല സ്വഹാബാക്കളും

അത് താഴെയിറക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. നബി ബഖ്ഷ് സാഹിബ് മരത്തിൽ കയറി വടി താഴെയിറക്കിക്കൊടുത്തു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിൽ വളരെയധികം സന്തോഷിക്കുകയും, അദ്ദേഹത്തെ വീണ്ടും വീണ്ടും പ്രശംസിച്ചുകൊണ്ട് ഇപ്രകാരം അരുളുകയും ചെയ്തു: 'മിയാൻ നബി ബഖ്ഷ് ചെയ്തത് അപാരം തന്നെ! അദ്ദേഹം മരത്തിൽ കയറി പെട്ടെന്ന് തന്നെ വടി താഴെയിറക്കി തന്നു.' അവിടുന്ന് ചെറിയവരോടും വലിയവരോടും ഒരുപോലെ അത്യധികം ആദരവോടെയായിരുന്നു സംസാരിച്ചിരുന്നത്.

ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് വിവരിക്കുന്നു: ഹദ്റത്ത് സാഹിബിനായി (അ) ആരെങ്കിലും സമ്മാനം കൊണ്ടുവന്നാൽ അവിടുന്ന് അങ്ങേയറ്റം കൃതജ്ഞത കാണിക്കുകയും, വീട്ടിൽ വെച്ചും ആ വ്യക്തിയുടെ ആത്മാർത്ഥതയെക്കുറിച്ച് എടുത്തു പറയുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) മറ്റൊരു സംഭവം വിവരിച്ചു: ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ് ആഗ്രയിൽ നിന്നും ഖാദിയാനിലേക്ക് വരുമ്പോൾ ഹദ്റത്ത് സാഹിബിനായി *ഖുർമ* എന്നറിയപ്പെടുന്ന മധുരപലഹാരം കൊണ്ടുവരുമായിരുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) രാവിലെ ഭക്ഷണമൊന്നും കഴിച്ചിരുന്നില്ല; എന്നാൽ തനിക്കായി ആഗ്രയിൽനിന്നും ഖുർമ കൊണ്ടുവന്നിട്ടുണ്ട് എന്ന് അറിഞ്ഞപ്പോൾ അവിടുന്ന് ഒത്തിരി സന്തോഷിക്കുകയും, അത് ഏറെ ഇഷ്ടപ്പെടുകയും പ്രശംസിക്കുകയും, അതിൽ കുറച്ച് തനിക്കായി മാറ്റിവെക്കാൻ കൽപ്പിക്കുകയും ചെയ്തു.

ഗുർദാസ്പൂരിൽ നടന്ന കരം ദീൻ കേസിനിടയിൽ സാമ്പത്തിക ഞെരുക്കം നേരിട്ടപ്പോൾ ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ് തന്റെ വീട്ടിലുണ്ടായിരുന്ന മുഴുവൻ പണവും അയച്ചുകൊടുക്കുകയും, തുടർന്നുള്ള വരുമാനവും അയച്ചുകൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഈ മഹത്തായ ത്യാഗത്തെ ആഴത്തിൽ തിരിച്ചറിഞ്ഞ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന് ഇപ്രകാരം എഴുതി: താങ്കൾ ത്യാഗത്തിന്റെ പരമാവസ്ഥ പ്രാപിച്ചിരിക്കുന്നു; ഇനിമേൽ താങ്കൾ ചന്ദ നൽകേണ്ടതില്ല! ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പ്രസ്താവിക്കുന്നു: തുടക്കത്തിൽ അദ്ദേഹം ഒരു നിർബന്ധ കടമ എന്ന നിലയിലാണ് ചന്ദാ നൽകിയിരുന്നത്; എന്നാൽ ഇതിനുശേഷം നന്ദിപ്രകടനം എന്ന നിലയിലും അദ്ദേഹം ചന്ദ നൽകുന്നത് തുടർന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പ്രസ്താവിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സന്താനങ്ങളെ വസിയ്യത്ത് ചന്ദയിൽ നിന്നും ഒഴിവാക്കിയിരുന്നു എന്നാൽ എനിക്ക് റസൂലുല്ലാഹി(സ)-യുടെ افلا اكون عبدا شكورا എന്ന വചനം ഓർമ്മ വന്നു. അതായത് ഞാൻ ദൈവത്തിന്റെ നന്ദിയുള്ള ഒരു ദാസനായി മാറേണ്ടതില്ലയോ? അങ്ങനെ, അല്ലാഹുവിനോടുള്ള നന്ദിപ്രകാശനമായി ഞാൻ ചന്ദ നൽകാൻ ആരംഭിക്കുകയും എന്റെ ചന്ദാ വിഹിതം മൂസ്വീകളുക്കാൾ കൂടുതലാവുകയും ചെയ്തു! പിന്നീട് എനിക്ക് ഇൽഹാം ഉണ്ടായി:

اعملوا أل داؤد شكرا

(ഓ ദാവൂദിന്റെ സന്തതികളേ! നന്ദിയുള്ളവരായി പ്രവർത്തിക്കുക).

അതനുസരിച്ച് അല്ലാഹുവിനോടുള്ള കൃതജ്ഞതയുടെ ഭാഗമായി ഞാൻ വളരെ വലിയ തുക ചന്ദാ ആയി നൽകുകയുണ്ടായി.

ഹസൂർ അൻവർ (അയ്യദഹുല്ലാഹ്) പ്രസ്താവിക്കുന്നു:

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വസിയ്യത്ത് അനുസരിച്ചുള്ള ഇളവ് അവിടുത്തെ സ്വന്തം അഞ്ച് മക്കൾക്ക് മാത്രമുള്ളതായിരുന്നു. അല്ലാതെ അവരുടെ മക്കൾക്കോ, ആൺമക്കളുടെ ഭാര്യമാർക്കോ, പെൺമക്കളുടെ ഭർത്താക്കന്മാർക്കോ വേണ്ടിയുള്ളതായിരുന്നില്ല. അതിനാൽ ആരാണോ വസിയ്യത്ത് ചെയ്യുന്നത്, അവർ വസിയ്യത്തിന്റെ ചന്ദയും സ്വത്തിന്റെ നിശ്ചിത വിഹിതവും നൽകേണ്ടതുണ്ട്. ബഹിഷ്തീ മഖ്ബറയിൽ ഖബറടക്കാനുള്ള അനുവാദവും ഈ അഞ്ച് മക്കൾക്ക് മാത്രമുള്ളതായിരുന്നു; എന്നിരുന്നാലും ഹദ്റത്ത് അമ്മാജാനും (റ) അവിടുത്തെ മക്കളും വളരെയധികം ത്യാഗങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)ന് ശേഷം മറ്റ് ഖലീഫമാർക്കോ കുടുംബത്തിലെ ഏതെങ്കിലും അംഗങ്ങൾക്കോ ഈ ആനുകൂല്യം ഉണ്ടായിരുന്നില്ല; എല്ലാവരും വസിയ്യത്ത് ചെയ്യുകയും, ചന്ദാ നൽകുകയും, മറ്റ് സാമ്പത്തിക പദ്ധതികളിലും തങ്ങളുടെ ശേഷിക്കനുസരിച്ച് പങ്കാളികളാവുകയും ചെയ്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ നിന്നും എനിക്കൊരു ചോദ്യം വന്നതിനാലാണ് ഞാൻ ഈ

കാര്യത്തിൽ വ്യക്തത വരുത്തുന്നത്.

ഹദ്റത്ത് മിയാൻ സ്വദ്റുദ്ദീൻ സാഹിബ് വിവരിക്കുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ചിരാഗ് എന്ന പ്യൂണിന് ഒരു പൈസ നൽകി എള്ളു മിഠായി വാങ്ങിപ്പിച്ചു. എള്ളു മിഠായി കൊണ്ടുവന്നപ്പോൾ അവിടുന്ന് അതിനെ രണ്ട് ഭാഗങ്ങളാക്കി വിഭജിക്കുകയും ഒരു ഭാഗം അദ്ദേഹത്തിന് നൽകാൻ തുടങ്ങുകയും ചെയ്തു. അദ്ദേഹം അത് വാങ്ങാൻ മടിച്ചപ്പോൾ അവിടുന്ന് അരുളി:

പണം എന്റേതായിരുന്നു, എന്നാൽ അധ്വാനം താങ്കളുടേതാണ്! താങ്കളാണല്ലോ പോയി വാങ്ങിക്കൊണ്ടുവന്നത്; അതിനാൽ പകുതി താങ്കൾക്കുള്ളതാണ്.

മറ്റുള്ളവരുടെ അധ്വാനത്തെ വിലമതിക്കുന്നതിന്റെയും കൃതജ്ഞത കാണിക്കുന്നതിന്റെയും മറ്റൊരു തലമായിരുന്നു ഇത്!

മറ്റൊരു സന്ദർഭത്തിൽ ബട്ടാലയിൽ വെച്ച് സുഹൃത്തുക്കൾ ചായ സൽക്കാരമൊരുക്കി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ചായ കുടിപ്പിച്ചവരെക്കുറിച്ച് അന്വേഷിച്ചറിയുകയും അവരുടെ സേവനത്തിന് നന്ദി അറിയിക്കുകയും ചെയ്തു. പിന്നീട് പത്രത്തിലൂടെയും ആ ആളുകളുടെ സേവനത്തെ എടുത്തു പറഞ്ഞ് നന്ദി അറിയിക്കുകയുണ്ടായി. ഇതിൽ നിന്നും വ്യക്തമാകുന്നത്, അവിടുന്ന് ആരുടെയും ചെറിയ സേവനങ്ങളെപ്പോലും അവഗണിച്ചിരുന്നില്ലെന്നാണ്. അതിനെ വിലമതിക്കുകയും നന്ദി കാണിക്കുകയുമാണ് ചെയ്തത്.

അല്ലാഹു നമുക്കും നന്ദിപ്രകടനത്തിന്റെ ഉന്നത നിലവാരങ്ങൾ കൈവരിക്കാൻ തൗഫീഖ് നൽകി അനുഗ്രഹിക്കട്ടെ!

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔


**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

MASJID MUBARAK UK ON 21.08.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY HARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516